REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 01-01-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- ശുഭ പ്രതീക്ഷകളുടെ വർണപ്പകിട്ടിൽ പുത്തനുണർവ്വോടെ 2026 നെ വരവേറ്റ് ലോകം.
- രാഷ്ട്രപതിയും പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും ജനങ്ങൾക്ക് പുതുവത്സരാശംസ നേർന്നു.
- സമഗ്രവും ഭാവിയിലേക്ക് അനുയോജ്യവുമായ സ്കൂൾ വിദ്യാഭ്യാസത്തിന് ദേശീയ മാനദണ്ഡമായി PM-ശ്രീ പദ്ധതി മാറണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- പുതിയ പൊലീസ് വാഹനങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഇന്ന് ഫ്ളാഗ് ഓഫ് ചെയ്യും.
- 93-ാമത് ശിവഗിരി തീർത്ഥാടനത്തിന് ഇന്ന് സമാപനം.

## വാർത്തകൾ വിശദമായി

ശുഭ പ്രതീക്ഷകളുടെ വർണപ്പകിട്ടിൽ ആഘോഷാരവങ്ങളുടെ അലയൊലിയുമായി പുത്തനുണർവ്വോടെ 2026 നെ വരവേറ്റ് ലോകം. പസഫിക് സമുദ്രത്തിലെ ദ്വീപ് രാഷ്ട്രമായ കിരിബാത്തിയിലാണ് ലോകത്ത് ആദ്യം പുതുവർഷം പിറന്നത്. കിരിബാത്തിക്ക് പിന്നാലെ ന്യൂസിലാൻഡിലെ ചാഥം ദ്വീപിലും പുതുവർഷമെത്തി.

ന്യൂസിലാൻഡിന് ശേഷം ഓസ്ട്രേലിയ, ടോകെലൗ, ടോംഗ തുടങ്ങിയ പസഫിക് ദ്വീപുകളുമാണ് പുതുവത്സരം ആഘോഷിച്ചത്. സംസ്ഥാനത്ത് കോവളം, വർക്കല, ഫോർട്ട് കൊച്ചി, കോഴിക്കോട് തുടങ്ങി വിവിധ ഭാഗങ്ങളിൽ വർണാഭമായ ആഘോഷങ്ങളോടെയാണ് ജനങ്ങൾ പുതു വർഷത്തെ വരവേറ്റത്. ലോക രാജ്യങ്ങളെല്ലാം ചുറ്റിക്കറങ്ങിയ ശേഷം

അവസാനം പുതുവർഷം എത്തുന്നത് യുഎസിലായിരിക്കും. ജനവാസമില്ലാത്ത ബേക്കർ ദ്വീപിലാണ് 2026 ന്റെ കിരണം അവസാനമെത്തുക.

ലോകം 2026 നെ വരവേൽക്കുമ്പോൾ പ്രിയപ്പെട്ട ആകാശവാണി ശ്രോതാക്കൾക്കായി പ്രാദേശിക വാർത്താവിഭാഗം തയ്യാറാക്കിയ വാങ്മയചിത്രം......

.....(വോയ്സ്).......

✪✪✪

സമാധാനത്തിന്റെയും സർവ്വ ഐശ്വര്യത്തിന്റെയും പുതിയ പ്രതീക്ഷകളുണർത്തിയാണ് നാം 2026 നെ വരവേൽക്കുന്നത്. പോയകാലത്തിന്റെ നൊമ്പരങ്ങളെ മായ്ച്ചും പുതു വസന്തത്തിന്റെ വർണ്ണ നൂലുകൾ നെയ്തും നമുക്ക് പുതുകാലത്തെ വരവേൽക്കാം. രാജ്യത്തിന്റെ സർവതല സ്പർശിയായ വികസന സങ്കല്പങ്ങളുമായാണ് ഇന്ത്യ പ്രതീക്ഷയോടെ മുന്നേറുന്നത്. വെല്ലുവിളികൾ ഏറെയാണ്. പക്ഷേ നാമത് സധൈര്യം നേരിടും. ആത്മാഭിമാനത്തിന്റെ ശിരസ്സുയർത്തി നാം ലോകത്തിന് മാതൃകയായി ഉയരും.... സമൃദ്ധിയിലേക്ക് ....

എല്ലാ അതിരുകളിലും സ്നേഹത്തിന്റെ പൂവള്ളികൾ തളിരിടട്ടെ. സ്വപ്നങ്ങൾക്ക് ഏഴഴകിന്റെ ശോഭയുണ്ടാകട്ടെ. ഓർമയിലെകൈക്കുടന്ന നിലാവിനെ താലോലിച്ച് പുത്തൻ പ്രതീക്ഷകൾക്ക് ചിറക് നൽകി നമുക്ക് സ്നേഹ നിർഭരതയോടെ നമുക്ക് പുതുവർഷത്തെ വരവേൽക്കാം. പുതുയുഗപ്പിറവിയിൽ ഈ മണ്ണിൽ പാദമൂന്നി കാലവൃക്ഷത്തിന്റ തണലും സുഗന്ധവും ആസ്വദിച്ച് കുഞ്ഞുങ്ങൾക്ക് വിശ്വമാനവികതയുടെ പുതുപാഠങ്ങളേക്കാം... അതിരില്ലാ സ്നേഹം പൂക്കുന്ന താഴ്വാരങ്ങളിലേക്ക് അവരെ നയിക്കാം.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ജനങ്ങൾക്ക് പുതുവൽസരാശംസ നേർന്നു. എല്ലാവർക്കും സമാധാനവും സന്തോഷവും സമൃദ്ധിയും നൽകുന്ന 2026 ശക്തവും സമ്പന്നവുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിന് പുതിയ ഊർജ്ജം പകരുമെന്ന് രാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു.

മുഖ്യമന്ത്രി പിണറായി വിജയനും ജനങ്ങൾക്ക് പുതുവത്സര ആശംസ നേർന്നു. പരസ്പര സ്നേഹത്തിന്റെയും മൈത്രിയുടെയും ഉദാത്ത മൂല്യങ്ങൾ മുറുകെ പിടിച്ച് കരുതലോടെ ആഘോഷങ്ങളിൽ പങ്കുചേരാമെന്ന് മുഖ്യമന്ത്രി ആശംസാ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

കോഴിക്കോട് ബീച്ച്, 'മാനാഞ്ചിറ എന്നിവിടങ്ങളിൽ നിരവധി പേരാണ് പുതുവത്സരാഘോഷങ്ങളിൽ പങ്ക് ചേരാൻ എത്തിയത്. ബേപ്പൂർ . ഇരിങ്ങൽ സർഗാലയ, മാളുകൾ, 'ഹോട്ടലുകൾ, റിസോർട്ടുകൾ, തുടങ്ങിയ സ്ഥലങ്ങളിലും പുതുവത്സരം ആഘോഷിക്കുന്നതിന് നൂറുകണക്കിന് ആളുകളെത്തി.

✪✪✪

ശബരിമലയും പുതുവത്സരത്തെ വരവേറ്റു.സന്നിധാനത്ത് പൊലീസ്, ഫയർ ഫോഴ്സ്, റാപിഡ് ആക്ഷൻ ഫോഴ്സ്, മറ്റു ജീവനക്കാർ തുടങ്ങിയവർ ചേർന്ന് പുതുവർഷത്തെ വരവേറ്റു. ഹാപ്പി ന്യൂ ഇയർ എന്ന് കർപ്പൂരം കൊണ്ടെഴുതി അതിനു അഗ്നി പകർന്നാണ് സന്നിധാനത്ത് പുതുവത്സരം ആഘോഷിച്ചത്.

ശബരിമല ചീഫ് പോലീസ് കോ-ഓർഡിനേറ്റർ ADGP എസ്.ശ്രീജിത്ത് കർപ്പൂരത്തിലേക്ക് അഗ്നി പകർന്നു. സന്നിധാനത്തെ അയ്യപ്പ ഭക്തർക്കും പുതുവത്സരാഘോഷം കൗതുകക്കാഴ്ചയായി. ശരണം വിളിച്ച അവരും ആഘോഷത്തിന്റെ ഭാഗമായി.

✪✪✪

ഇന്ത്യയുടെ വികസന യാത്രയിലെ നിർണായക വർഷമാണ് 2025. നയങ്ങളെ പുരോഗതിയിലേക്കും, ലക്ഷ്യങ്ങളെ ഫലപ്രാപ്തിയിലേക്കും നയിച്ച വർഷത്തെക്കുറിച്ച് ആകാശവാണി 'പരിഷ്ക്കരണ വർഷം' പ്രത്യേക പരമ്പരയിൽ ഇന്ന്, ഇന്ത്യൻ കായികരംഗത്തെ പുതിയ ചുവടുവെപ്പുകളെക്കുറിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്.

.....(വോയ്സ്)....

പതിനഞ്ചാം കേരള നിയമസഭയുടെ 16-ാം സമ്മേളനം ഈ മാസം 20 മുതൽ വിളിച്ചു ചേർക്കാൻ ഇന്നലെ ചേർന്ന മന്ത്രിസഭായോഗം ഗവർണറോട് ശുപാർശ ചെയ്തു. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, സാംസ്കാരിക നിലയങ്ങൾ, പഞ്ചായത്ത് ലൈബ്രറികൾ, ശിശു മന്ദിരങ്ങൾ നഴ്സറി സ്കൂളുകൾ എന്നിവിടങ്ങളിലെ ദിവസ വേതനക്കാരിൽ നടപടിക്രമങ്ങൾ പാലിച്ച്

നിയമനം ലഭിച്ചവരെ സ്ഥിരപ്പെടുത്താനും മന്ത്രിസഭായോഗം തീരുമാനമെടുത്തു.

നിലവിൽ പത്തോ അതിലധികമോ വർഷം ജോലി ചെയ്യുന്നവരെയാണ് സ്ഥിരപ്പെടുത്തുക. കൊച്ചി ക്യാൻസർ റിസർച്ച് സെന്ററിൽ 91 സ്ഥിരം തസ്തികകളും 68 കരാർ തസ്തികകളും ഉൾപ്പെടെ 159 തസ്തികകൾ സൃഷ്ടിക്കാനും തീരുമാനമായി. കേരളേ അഗ്രോ മിഷനറി കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഏകീകരിക്കാനും സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു.

✪✪✪

സമഗ്രവും ഭാവിയിലേക്ക് അനുയോജ്യവുമായ സ്കൂൾ വിദ്യാഭ്യാസത്തിന് ദേശീയ മാനദണ്ഡമായി PM-ശ്രീ പദ്ധതി മാറണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ന്യൂഡൽഹിയിൽ PM-ശ്രീ അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. പദ്ധതിയെ സൂക്ഷ്മമമായി നിരീക്ഷിക്കാൻ ചീഫ് സെക്രട്ടറിമാർക്ക് പ്രധാനമന്ത്രി നിർദേശം നൽകി. PM-ശ്രീ സ്കൂളുകളുടെ പ്രകടനം വിലയിരുത്തുന്നതിന് മുതിർന്ന ഗവൺമെന്റ് ഉദ്യോഗസ്ഥർ കൃത്യമായി പരിശോധന നടത്തണമെന്നും നരേന്ദ്രമോദി നിർദേശിച്ചു.

✪✪✪

പുതിയ പൊലീസ് വാഹനങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഇന്ന് ഫ്ളാഗ് ഓഫ് ചെയ്യും. സംസ്ഥാന പോലീസ് സേനയുടെ കാര്യക്ഷമതയും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും കാലഹരണപ്പെട്ട വാഹനങ്ങൾ ഘട്ടം ഘട്ടമായി മാറ്റുന്നതിന്റെയും ഭാഗമായാണ് വിവിധ യൂണിറ്റുകൾക്ക് പുതിയ വാഹനങ്ങൾ വാങ്ങിയത്. ഉച്ചയ്ക്ക് തിരുവനന്തപുരം SAP പരേഡ് ഗ്രൗണ്ടിൽ നടത്തുന്ന ചടങ്ങിൽ സംസ്ഥാന പൊലീസ് മേധാവി രവദ ചന്ദ്രശേഖർ, പൊലീസ് അഡ്മിനിസ്ട്രേഷൻ DIG ആർ നിശാന്തിനി, മറ്റ് മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിക്കും.

✪✪✪

പതിനഞ്ചാം കേരള നിയമസഭയുടെ 16-ാം സമ്മേളനം ഈ മാസം 20 മുതൽ വിളിച്ചു ചേർക്കാൻ ഇന്നലെ ചേർന്ന മന്ത്രിസഭായോഗം ഗവർണറോട് ശുപാർശ ചെയ്തു. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, സാംസ്കാരിക നിലയങ്ങൾ, പഞ്ചായത്ത് ലൈബ്രറികൾ, ശിശു മന്ദിരങ്ങൾ നഴ്സറി സ്കൂളുകൾ

എന്നിവിടങ്ങളിലെ ദിവസ വേതനക്കാരിൽ നടപടിക്രമങ്ങൾ പാലിച്ച് നിയമനം ലഭിച്ചവരെ സ്ഥിരപ്പെടുത്താനും മന്ത്രിസഭായോഗം തീരുമാനമെടുത്തു.

നിലവിൽ പത്തോ അതിലധികമോ വർഷം ജോലി ചെയ്യുന്നവരെയാണ് സ്ഥിരപ്പെടുത്തുക. കൊച്ചി ക്യാൻസർ റിസർച്ച് സെന്ററിൽ 91 സ്ഥിരം തസ്തികകളും 68 കരാർ തസ്തികകളും ഉൾപ്പെടെ 159 തസ്തികകൾ സൃഷ്ടിക്കാനും തീരുമാനമായി. കേരളേ അഗ്രോ മിഷനറി കോർപ്പറേഷൻ ലിമിറ്റഡിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സായി ഏകീകരിക്കാനും സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം വികസനക്ഷേമ പഠന പരിപാടിയുടെ വിവരശേഖരണത്തിന് ഇന്ന് തുടക്കമാകും. പൊതുജനങ്ങളിൽ നിന്ന് വികസന നിർദേശങ്ങളും ആശയങ്ങളും, ക്ഷേമപദ്ധതികളും സംബന്ധിച്ച് കർമസേന അംഗങ്ങൾ വാർഡുകൾ കേന്ദ്രീകരിച്ച് അഭിപ്രായം ശേഖരിക്കും.

പരിപാടിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ പയ്യന്നൂരിലെ പത്മശ്രീ അപ്പുക്കുട്ട പൊതുവാളിന്റെ വീട്ടിലെത്തി കർമ്മസേനാ അംഗങ്ങൾ അഭിപ്രായ നിർദ്ദേശങ്ങൾ സ്വീകരിച്ച് ജില്ലാതല ഉദ്ഘാടനം നിർവ്വഹിക്കും.

✪✪✪

93-ാമത് ശിവഗിരി തീർത്ഥാടനം ഇന്ന് സമാപിക്കും. രാവിലെ ഏഴരയ്ക്ക് ശിവഗിരി ശാരദാമഠത്തിൽ നിന്ന് മഹാസമാധി മന്ദിരത്തിലേക്ക് 108 പുഷ്പ കലശങ്ങളുമായി പ്രയാണവും തുടർന്ന് മഹാസമാധി പീഠത്തിൽ പൂജയും നടത്തും. രാവിലെ പത്തിന് ആരംഭിക്കുന്ന സംഘടനാ സമ്മേളനം പശ്ചിമ ബംഗാൾ ഗവർണർ CV ആനന്ദബോസ് ഉദ്ഘാടനം ചെയ്യും. വൈകിട്ട് സമാപന സമ്മേളനം മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ബംഗളൂരുവിൽ നിന്ന് അന്താരാഷ്ട്ര ഖാട്ട് കടത്ത് സംഘത്തെ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ പിടികൂടി. ഇവരിൽ എട്ടു കോടി രൂപ വിലമതിക്കുന്ന 160 കിലോഗ്രാം ലഹരി ഇലയായ ഖാട്ട് ആണ് പിടിച്ചെടുത്തതെന്ന് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ അറിയിച്ചു.

എത്യോപ്യയിൽ നിന്ന് കെനിയ വഴിയാണ് ഖാട്ട് പദാർത്ഥങ്ങൾ ഇന്ത്യയിലെത്തിയതെന്നാണ് റിപ്പോർട്ട്.

✪✪✪

സംസ്ഥാന പുരാവസ്തു -പുരാരേഖ- മ്യൂസിയം വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കണ്ണൂർ പൈതൃകോത്സവത്തിന് ഇന്ന് തുടക്കമാകും. ഈ മാസം ആറു വരെയാണ് പൈതൃകോത്സവം.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

....(വോയ്സ്)...........

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*NRTs: ഫസ്ന ഫാത്തിമ, രജിന കെ, മണികണ്ഠൻ*
*DEO : ഷീബ*